പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 469

10.06.2014-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡിലെ ജീവനക്കാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.സുധാകരൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | കൺസ്യൂമർഫെഡിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; എത്ര താല്ക്കാലിക ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കൺസ്യൂമർഫെഡിൽ 1369 സ്ഥിരം ജീവനക്കാരും കരാർ അടിസ്ഥാനത്തിൽ 274 താല്ക്കാലിക ജീവനക്കാരും 196 സ്ഥിരം അബ്കാരി ജീവനക്കാരും ഉണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര സ്ഥിരം ജീവനക്കാരെയും താല്ക്കാലിക ജീവനക്കാരെയും കൺസ്യൂമർഫെഡിൽ നിയമിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ത്രിവേണി വിഭാഗത്തിൽ ഒരാൾക്കും വിദേശ മദ്യ വിഭാഗത്തിൽ (അബ്കാരി) 9 പേർക്കും സ്ഥിരം നിയമനം നൽകിയിട്ടുണ്ട്. കരാർ അടിസ്ഥാനത്തിൽ നിയമിച്ച 220 പേർ ജോലിയിലുണ്ട്. |
| (സി) | കൺസ്യൂമർഫെഡ് ത്രിവേണി സ്റ്റോറുകളിൽ ജീവനക്കാർക്ക് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ ഭരണ ചെലവ് കുറയ്ക്കുന്നതിനു വേണ്ടിയാണ് ഷിഫ്റ്റു സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | കൺസ്യൂമർഫെഡ്, ത്രിവേണി സ്റ്റോറുകളിലെ ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകാൻ കഴിയാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. വ്യാപാരവുമായി ബന്ധപ്പെട്ടുള്ള സാമ്പത്തിക ക്രമീകരണങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ചില മാറ്റങ്ങൾ സംഭവിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ